**വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുത്ത് തുടങ്ങിയ വർഷം**

167(T 1234) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ എയർപോർട്ട്, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, ദേശീയ ഗെയിംസ്, പാലക്കാട് കോച്ച് ഫാക്ടറി, ടെക്നോ സിറ്റി എന്നീ പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്തുതുടങ്ങിയത് ഏത് വർഷം മുതലാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

| പദ്ധതി | ഭൂമി ഏറ്റെടുത്ത് തുടങ്ങിയ വർഷം |
|---|---|
| കണ്ണൂർ എയർപോർട്ട് | 1998 |
| കൊച്ചി മെട്രോ | കൊച്ചി മെട്രോയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ പ്രാരംഭ ജോലികൾ 9-11-2012 മുതലും ഭൂമി ഏറ്റെടുത്ത് കൈമാറ്റം ചെയ്ത് തുടങ്ങിയത് 12-3-2013 മുതലുമാണ്. |
| വിഴിഞ്ഞം തുറമുഖം | 2010 |
| ദേശീയ ഗെയിംസിന് | സ്ഥലം ഏറ്റെടുത്തിട്ടില്ല |
| പാലക്കാട് കോച്ച് ഫാക്ടറി | 2008 മുതൽ |
| ടെക്നോ സിറ്റി | 2010 മുതൽ. |

**കാസർഗോഡ് വെള്ളരിക്കുണ്ടിലെ ഭൂമി വിലയ്ക്ക് വാങ്ങിയ 205 കുടുംബങ്ങളുടെ ഭൂനികുതി ഒടുക്കൽ**

168(1235) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ടിലെ പ്രകാശ് പ്ലാന്റേഷന്റെ കൈവശമുള്ള തോട്ടം ഭൂമി വിലയ്ക്ക് വാങ്ങിയ 205 കുടുംബങ്ങളുടെ ഭൂനികുതി വാങ്ങുന്നത് നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൻമേൽ സർക്കാർ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) നികുതി വാങ്ങണമെന്നാവശ്യപ്പെട്ട് കർഷകർ നടത്തിയ സമരത്തിൽ എന്ത് ഉറപ്പാണ് നൽകിയത്;

(ഡി) പ്രസ്തുത ഉറപ്പ് ബന്ധപ്പെട്ടവർ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**ഉത്തരം**

(എ) ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 പ്രകാരം ഇളവ് നൽകിയ തോട്ടഭൂമി വ്യാപകമായി മുറിച്ച് വിൽക്കുന്നതായും ആയത് തരം മാറ്റുന്നതുമായ പരാതിയുടെ അടിസ്ഥാനത്തിൽ മുറിച്ച് വിറ്റ് തരം മാറ്റുന്ന തോട്ടഭൂമി പോക്കുവരവ് ചെയ്ത് നൽകരുത് എന്ന് 24-3-2008- ലെ 10654/എൻ/2008/റവന്യൂ കത്ത് മുഖേന സെക്രട്ടറി ലാന്റ് ബോർഡിന് നിർദ്ദേശം നൽകിയിരുന്നു.

(ബി-ഡി) കർഷകർ നടത്തിയ സമരത്തിൽ ഒരു മാസത്തിനകം കരം അടയ്ക്കുന്നത് സംബന്ധിച്ച് നടപടി എടുക്കുന്നതാണ് എന്ന് ഉറപ്പ് നൽകിയിരുന്നു. 8-2-2016-ലെ സ.ഉ.(കൈ) നമ്പർ99/2016/റവന്യൂ പ്രകാരം M/s പ്രകാശ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിൽനിന്നും വില നൽകി വാങ്ങി തരംമാറ്റി കൈവശം വച്ചുവരുന്ന 205 കുടുംബങ്ങളുടെ കൈവശ ഭൂമിയുടെ നികുതി ഈ വിഷയത്തിൽ താലൂക്ക് ലാന്റ് ബോർഡ് പുറപ്പെടുവിക്കുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, തുടർന്ന് സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**പട്ടയ നടപടികൾ**

169(T1236) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ 9-ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(ബി) യോഗതീരുമാനപ്രകാരം സംയുക്തപരിശോധന നടത്തി പട്ടയം നൽകാനുള്ള ലിസ്റ്റ് തയ്യാറാക്കിയോ എന്നും പ്രസ്തുത ലിസ്റ്റനുസരിച്ച് എത്ര ഏക്കർ ഭൂമിയ്ക്ക് പട്ടയം നൽകാനാണ് കണ്ടെത്തിയത് എന്നും വ്യക്തമാക്കാമോ ;

(സി) പട്ടയം നൽകാൻ കണ്ടെത്തിയ ഭൂമിയുടെ താലൂക്ക് തിരിച്ചുള്ള (ഡിവിഷനും റേഞ്ചും) കണക്ക് ലഭ്യമാക്കാമോ;

(ഡി) യോഗതീരുമാനപ്രകാരം ഡി.എഫ്.ഒ. മാർ തയ്യാറാക്കിയ ലിസ്റ്റ് ലഭ്യമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly